പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1683

18.06.2012-ൽ മറുപടിക്ക്

# കടലിൽ പോകുന്നവരുടെ കൃത്യമായ കണക്ക്

ചോദ്യം | മറുപടി

| | | | |
|---|---|---|---|
| | ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ തീരദേശങ്ങളിൽ നിന്ന് ഓരോ ദിവസവും എത്രപേർ ഏതൊക്കെ സമയത്ത് കടലിൽ പോകുന്നു എന്നതിനെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ അറിയുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ തീരദേശങ്ങളിൽ നിന്നും ഓരോ ദിവസവും എത്രപേർ ഏതൊക്കെ സമയത്ത് കടലിൽ പോകുന്നു എന്നതിനെക്കുറിച്ചുളള വിവരങ്ങൾ കൃത്യമായി അറിയുന്നതിനുളള സംവിധാനങ്ങൾ നിലവിലില്ല. |
| (ബി) | കടലിൽ പോകുന്ന മത്സ്യതൊഴിലാളികൾ തങ്ങളുടെ യാത്ര അറിയിക്കുന്നതിനായി ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടേയും യാനങ്ങളുടേയും വിവരങ്ങൾ ഹാർബറിൽ ശേഖരിക്കുന്നതിന് ഇൻഫോർമേഷൻ കമ്യൂണിക്കേഷൻ ടെക്നോളജിയുടെ സഹായത്തോടെ NIC Thiruvananthapuram ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് ബയോ മെട്രിക് ID കാർഡ് വിതരണം ചെയ്യാനുളള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ